**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 536** **30-01-2024 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിലെ കിഫ്ബിയുടെ പദ്ധതിയായ കല്ലൂരിനടവ് പാലം നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കല്ലൂരികടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി) കിഫ്ബിയിൽ സമർപ്പിച്ചിരുന്നതും, ആയത് അവലോകനം നടത്തി കിഫ്ബിയിൽ നിന്നും കെ.ആർ.എഫ്.ബി - യ്ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നതുമാണ്. ഇതിന് കെ.ആർ.എഫ്.ബി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യം അറിയിച്ചു കൊണ്ട് നിരീക്ഷണ കുറിപ്പ് നൽകിയിരുന്നെങ്കിലും ഇതിനുള്ള മറുപടി കെ.ആർ.എഫ്.ബി ലഭ്യമാക്കിയില്ല. പിന്നീട് ബഹു. എം.എൽ.എ. യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 23/03/2023-ന് നടത്തിയ സൈറ്റ് വിസിറ്റിൽ പാലത്തിന്റെ അപ്രോച്ച് റോഡിനായി കെ.ആർ.എഫ്.ബി. പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധിക്കുന്നതിനായി 30/06/2023-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി ചില ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം കെ.ആർ.എഫ്.ബി പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും, സൈറ്റ് വിസിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ പൂർണ്ണമായും പാലിക്കാത്തതിനാൽ ആയത് പുതുക്കി സമർപ്പിക്കുന്നതിന് 08/11/2023-ലെ കത്ത് മുഖേന കെ.ആർ.എഫ്.ബി - യ്ക്ക് കിഫ്ബി നിർദ്ദേശം നൽകി. ഇതനുസരിച്ച് കെ.ആർ.എഫ്.ബി തയ്യാറാക്കിയ അലൈൻമെന്റ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് കൈമാറിയതായും, ഇതനുസരിച്ച് ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ |

| | | | |
|---|---|---|---|
| | | | പുരോഗമിച്ച് വരുന്നതായും പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി അറിയിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഡ്രോയിംഗ് പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കല്ലുരികടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി) കിഫ്ബിയിൽ സമർപ്പിച്ചിരുന്നതും, ആയത് അവലോകനം നടത്തി കിഫ്ബിയിൽ നിന്നും കെ.ആർ.എഫ്.ബി - യ്ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നതുമാണ്. ഇതിന് കെ.ആർ.എഫ്.ബി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യം അറിയിച്ചു കൊണ്ട് നിരീക്ഷണ കുറിപ്പ് നൽകിയിരുന്നെങ്കിലും ഇതിനുള്ള മറുപടി കെ.ആർ.എഫ്.ബി ലഭ്യമാക്കിയില്ല. പിന്നീട് ബഹു. എം.എൽ.എ. യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 23/03/2023-ന് നടത്തിയ സൈറ്റ് വിസിറ്റിൽ പാലത്തിന്റെ അപ്രോച്ച് റോഡിനായി കെ.ആർ.എഫ്.ബി. പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധിക്കുന്നതിനായി 30/06/2023-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി ചില ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം കെ.ആർ.എഫ്.ബി പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും, സൈറ്റ് വിസിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ പൂർണ്ണമായും പാലിക്കാത്തതിനാൽ ആയത് പുതുക്കി സമർപ്പിക്കുന്നതിന് 08/11/2023-ലെ കത്ത് മുഖേന കെ.ആർ.എഫ്.ബി - യ്ക്ക് കിഫ്ബി നിർദ്ദേശം നൽകി. ഇതനുസരിച്ച് കെ.ആർ.എഫ്.ബി തയ്യാറാക്കിയ അലൈൻമെന്റ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് കൈമാറിയതായും, ഇതനുസരിച്ച് ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ പുരോഗമിച്ച് വരുന്നതായും പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ